ബാലികയെ മാനഭംഗം ചെയ്യാൻ ശ്രമിച്ചതായി പരാതി

62 (773) ശ്രീമതി ആർ. ലതാദേവി : താഴെകാണുന്ന ചോദ്യങ്ങൾക്ക് മുഖ്യ മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിലെ കടയ്ക്കൽ പോലീസ് സ്റ്റേഷൻ അതിർത്തി യിൽ ചിതറ പഞ്ചായത്തിലെ എൽ.പി. സ്കൂൾ വിദ്യാർത്ഥിനിയായ ബാലി കയെ അയൽവാസി മാനഭംഗം ചെയ്യാൻ ശ്രമിച്ചത് സംബന്ധിച്ച പരാതിയി ന്മേൽ കടയ്ക്കൽ പോലീസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ;

(ബി) എങ്കിൽ ഈ കേസ് രജിസ്റ്റർ ചെയ്തത് എന്നാണ്;

(സി) പ്രതിയെ ഇതിനകം അറസ്റ്റ് ചെയ്തിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ പ്രതിയെ അറസ്റ്റ് ചെയ്യാൻ അടിയന്തിരമായി നട പടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 11.11.99-ൽ

(സി) ഇല്ല.

(ഡി) അടിയന്തിര നടപടി സ്വീകരിച്ചുവരുന്നു.

കള്ളനോട്ട് കേസുകൾ

63 (774) ശ്രീ. ഇ.എം. അഗസ്തി : താഴെകാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം എത്ര കള്ളനോട്ടു കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(ബി) ഇവയിൽ വിദേശ കറൻസിയുടെ കള്ളനോട്ടുകൾ സംബന്ധിച്ച കേസ്സുകൾ ഉൾപ്പെടുന്നുണ്ടോ;

(സി) എങ്കിൽ വിശദ വിവരം നൽകുമോ;

(ഡി) വ്യാജ നോട്ടുകൾ നിർമ്മിച്ചതിനും കൈമാറ്റം ചെയ്തതിനും എത്രപേരുടെ മേൽ കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(ഇ) ഈ കേസുകളുടെ ഇപ്പോഴത്തെ അവസ്ഥയെന്തെന്ന് വെളിപ്പെ ടുത്തുമോ?

ഉത്തരം

(എ) 215 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) വിദേശ കറൻസികളുടെ കള്ളനോട്ടുകൾ സംബന്ധിച്ച് 12 കേസുകൾ ഉണ്ട്. ഇവയിൽ 6 കേസുകൾ തിരുവനന്തപുരത്തും 4 കേസുകൾ എറണാകുളത്തും രണ്ടു കേസുകൾ കോഴിക്കോട്ടും റിപ്പോർട്ട് ചെയ്തിട്ടുള്ളവ യാണ്.

(ഡി) 362 പേരുടെ പേരിൽ കേസ്സടുത്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly